LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് സിഗ്നൽലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി

141 (T 2637) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ തിരക്കേറിയ കെ.പി. റോഡിൽ പോലീസ് സ്റ്റേഷൻ ജംഗ്ഷൻ, മുനിസിപ്പൽ ജംഗ്ഷൻ, കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ജില്ലാ റോഡ് സുരക്ഷാ സമിതിയാണ് ട്രാഫിക് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകാരവും, ഫണ്ടും നൽകേണ്ടത്. അവ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

താനൂരിലെ ദേവധാർ റെയിൽവെ അണ്ടർ പാസ്സേജ് നിർമ്മാണം

142 (T2638) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂരിലെ ദേവധാർ റെയിൽവെ അണ്ടർ പാസ്സേജിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തിയാക്കാത്തതിനാൽ വിദ്യാർത്ഥികൾക്കും തദ്ദേശവാസികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടും അപകട സാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ദേവധാർ അണ്ടർ പാസ്സേജിന്റെ നിർമ്മാണം സംസ്ഥാന പൊതുമരാമത്ത് വകുപ്പല്ല നടപ്പിലാക്കുന്നത്. റെയിൽവെ നേരിട്ടാണ് നടത്തുന്നത്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.